# 3

# ജലവും മണ്ണും

കുട്ടനും കൂട്ടരും കളികൾ തുടങ്ങി
പെട്ടെന്നയ്യാ ചെറുമഴ ചാറി
മാനമിരുണ്ടു വെള്ളിടി പാറി
കുട്ടനും കൂട്ടരും വീട്ടിലേക്കോടി
ചെറുമഴ പുതുമഴ കലപിലമേളം
ആ മഴ പിന്നെ പെരുമഴയായി
പെരുമഴ മാറി കാർമുകിൽ നീങ്ങി
മണ്ണ് കുളിർത്തു പൂക്കൾ ചിരിച്ചു
കുട്ടൻ കൂട്ടാർക്കൊപ്പം കൂടി
ആർത്തു തിമിർത്തു തക ധിമിതോം...



# ജലസംരക്ഷണം — Module-3 (4 ~~പിരീഡ്~~)

**പഠനലക്ഷ്യങ്ങൾ** :- ജലം പാഴായിപ്പോകുന്ന വിവിധ സന്ദർഭങ്ങൾ തിരിച്ചറിയുക

-> ജലക്ഷാമം മൂലമുള്ള വിവിധ പ്രശ്നങ്ങൾ തിരിച്ചറിയുക.

**മുന്നറിവ്** :- വിവിധ സ്ഥലങ്ങളിൽ ജലക്ഷാമം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച വാർത്തകളും ചിത്രങ്ങളും കുട്ടി കണ്ടിട്ടുണ്ട്.

-> വേനൽക്കാലത്ത് കിണറുകളിലും കുളങ്ങളിലും മറ്റും ജലനിരപ്പ് കുറയുന്നത് കണ്ടിട്ടുണ്ട്.

-> വേനൽക്കാലത്ത് സസ്യങ്ങൾ വരണ്ടുണങ്ങി നിൽക്കുന്നത്.

**ആശയങ്ങൾ** :- ജലം പാഴാകുന്ന പൈപ്പ് പൊട്ടൽ, ടാങ്ക് നിറയൽ പോലുള്ള സന്ദർഭങ്ങൾ തടയുക.

-> ജലക്ഷാമം മൂലം ജീവജാലങ്ങളുടെ കുടിവെള്ള ലഭ്യതയും വളർച്ചയിലും പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു.

**ശേഷികൾ / നൈപുണികൾ** :- ജലം പാഴാക്കൽ, ചിത്രനിരീക്ഷണം.

-> ജലം പാഴാകാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ

ചെയ്യാൻ കഴിയും. പട്ടികപ്പെടുത്തുക.

→ ജലം പാഴാക്കാതിരിക്കാനുള്ള പ്രശ്നത്തിന് നിർദ്ദേശങ്ങൾ നൽകി പരിഹാരം കണ്ടെത്തുക.

മൂല്യം/മനോഭാവം :- ഓരോ തുള്ളി ജലവും വിലപ്പെട്ടതാണ്.

→ ജലം പാഴാക്കരുത്.

ആവശ്യമായ സാമഗ്രികൾ :- ചിത്രം. വാർത്ത തലക്കെട്ട്.

ഉത്പന്നങ്ങൾ :- ജലത്തിന്റെ ആവശ്യങ്ങളുടെ പട്ടിക.

→ ജലം പാഴാക്കൽ സന്ദർഭങ്ങളുടെ പട്ടിക.

പോർട്ട് ഫോളിയോയിലേക്ക് :- പ്രായോഗിക നിർദ്ദേശങ്ങൾ പട്ടിക.

പരിസര പഠന മൂലയിലേക്ക് :- ചിത്രങ്ങൾ (വരൾച്ച ജലക്ഷാമം, കൊളാഷ്)

വിർക്ഷയ് -3

പഠനപ്രവർത്തനങ്ങൾ

കുട്ടികളേ... നമുക്കൊരു കഥ കേട്ടാലോ...?

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിക്കാനില്ലത്രേ"

ഒരു കൂട്ടം സഞ്ചാരികൾ നാട് കാണാനായി കടൽ മാർഗ്ഗം യാത്ര പുറപ്പെട്ടു. പായക്കപ്പലിലായിരുന്നു അവരുടെ യാത്ര. കളിച്ചും ചിരിച്ചും തിമിർത്തു അവരുടെ യാത്ര മുന്നോട്ട് പോവുകയാണ്. നിനച്ചിരിക്കാതെ ശക്തമായ കാറ്റും കോളുമുണ്ടായി. തുള്ളിക്കൊരു കുടമെന്ന പോലെ മഴയുടെ പെയ്ത്ത് തുടങ്ങി. നിർഭാഗ്യവശാൽ കപ്പൽ ഒരു പാറയിൽ തട്ടി തകർന്നു. യാത്രക്കാർ കടൽ വെള്ളത്തിൽ മുങ്ങിത്താഴാൻ തുടങ്ങി. ഭാഗ്യമെന്ന് പറയട്ടെ ഒരാൾക്ക് ഒരു മരത്തടിയിൽ പിടുത്തം കിട്ടി. പ്രാണരക്ഷാർത്ഥം അയാൾ ആ മരത്തടിയിൽ പിടിച്ചു. ലക്ഷ്യമില്ലാതെ ആ മരത്തടി അയാളെയും കൊണ്ട് മുന്നോട്ട് പോയി. കാറ്റും കോളും അടങ്ങി. അന്തരീക്ഷം തെളിഞ്ഞു. സൂര്യൻ ഉദിച്ചുയർന്നു. സൂര്യന്റെ തീക്ഷ്ണമായ ചൂടേറ്റ് അയാൾ ആകെ ക്ഷീണിച്ചു. ഒരു തുള്ളി വെള്ളത്തിനായി അയാൾ ചുറ്റും നോക്കി. ശുദ്ധമായ ഒരു തുള്ളി വെള്ളം പോലും അയാൾക്ക് ലഭിച്ചില്ല. അയാൾ വിഷമത്തോടെ ഓർത്തു

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിക്കാനില്ലത്രേ."

* കഥയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ ചോദിക്കുന്നു.
* ICT ഉപയോഗിച്ച് ജലം പാഴാകുന്ന വിവിധ സന്ദർഭങ്ങൾ കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു. ചർച്ച ചെയ്യുന്നു.
* ക്രോഡീകരണം
* TB Page - 46 വെള്ളം പാഴാകുന്ന സന്ദർഭങ്ങൾ വ്യക്തിഗതമായി എഴുതുന്നു.
* Teachers version ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

| |
|---|
| വീട്ടിൽ<br>• കുളിക്കുമ്പോൾ<br>• കൈകഴുകുമ്പോൾ<br>• ടാപ്പ് ഉപയോഗിക്കുമ്പോൾ<br>• വാട്ടർ ടാങ്ക് നിറഞ്ഞു കവിയുന്നത്.<br>സ്കൂളിൽ<br>• കൈകഴുകുമ്പോൾ<br>• ടോയ്‌ലറ്റിൽ<br>പൊതു ഇടങ്ങളിൽ<br>• ജല വിതരണ പൈപ്പുകൾ പൊട്ടുന്നത്<br>• പൊതു ടാപ്പുകൾ തുറക്കുന്നത്. |

* ജല സ്രോതസുകളുടെ പേരുകളുടെ അടിസ്ഥാനത്തിൽ 5 ഗ്രൂപ്പുകളായി തിരിച്ച് ജലം പാഴായി പോകാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കാമെന്ന് ഗ്രൂപ്പിൽ കണ്ടെത്താൻ ആവശ്യപ്പെടുന്നു. അതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

ഗ്രൂപ്പ് വർത്തനം. ക്രോഡീകരണം.

- ടാപ്പിൽ നിന്നും പാത്രത്തിൽ ആവശ്യമുള്ളത് മാത്രം ശേഖരിച്ചുവച്ച് ഉപയോഗിക്കുക.
- ജലവിതരണ പൈപ്പുകൾക്ക് ചോർച്ചയില്ലെന്ന് ഉറപ്പുവരുത്തണം.
- ഓരോ ആവശ്യത്തിന് വിതമായ അളവിൽ മാത്രം ജലം ഉപയോഗപ്പെടുത്തുക.
- ടോയലറ്റു ഫ്ലഷുകൾ നിയന്ത്രിച്ചു ഉപയോഗിക്കുക.
- വാട്ടർ ടാങ്ക് നിറഞ്ഞു കവിയുന്ന സാഹചര്യം ഒഴിവാക്കുക.

(ശാസ്ത്ര ബുക്കിലേക്ക്)

* TB Page 45-ലെ ചിത്രം നിരീക്ഷിക്കുന്നു. ശേഷം ICT-യിൽ പ്രകൃതി മനോഹരമായ ഒരു ചിത്രവും കാണിച്ച് കൊടുക്കുന്നു. രണ്ട് ചിത്രങ്ങളും താരതമ്യം ചെയ്യാൻ ആവശ്യപ്പെടുന്നു. ആവശ്യത്തിന് ജലം ലഭിക്കാതെയായാൽ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും എന്തെല്ലാം സംഭവിക്കും.? ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

തുടർ പ്രവർത്തനം

* ജല സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കുന്നു. പ്രദർശനം.
* പരസ്പര വിലയിരുത്തൽ.


ജലം അമൂല്യമാണ്
അത് പാഴാക്കരുത്